**പേർസണൽ ശ്രദ്ധ**

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 24-06-2022

നം E3-2224/2020/PrHQ

പ്രേഷകൻ

**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസ്സസ്.**

സ്വീകർത്താവ്

**എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും.**

സർ,

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം, ജീവനക്കാര്യവിഭാഗം - വകുപ്പിലെ എ.പി.ഒ / ഡി.പി.ഒ വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിരുന്ന ഗുഡ് കോണ്ടാക്ട് അലവൻസ് (GCA) - നിർത്തലാക്കിയ വിവരം അറിയിക്കുന്നത് - സംബന്ധിച്ച്:-

സൂചന : 01/06/2022 തീയതിയിലെ സ.ഉ (അച്ചടി) നം. 45/2022/ആഭ്യന്തരം എന്ന വിജ്ഞാപനം

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

"2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 148" ൽ സത് സേവനത്തിന് ഗുഡ് കോൺഡക്ട് അലവൻസ് (GCA) അനുവദിക്കുന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് സൂചന പ്രകാരം ചട്ടം ഭേദഗതി ചെയ്തിരിക്കുന്നു.

ഉടൻ പ്രാബല്യത്തിൽ നടപ്പിൽവരുത്തുന്നതിനായി പ്രസ്തുത വിവരം സൂചനയിലെ പകർപ്പ് സഹിതം എല്ലാ ജയിൽസ്ഥാപനമേധാവികളെയും, ഡി.ഡി.ഒ മാരെയും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**വിനോദ് കുമാർ എം കെ**
**ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)**
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

പകർപ്പ്:
1. ഡി.ഐ.ജി (HQ).
2. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും.
3. ടെക്നിക്കൽ സെൽ (Website).

©
**കേരള സർക്കാർ**
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 11**<br>Vol. XI | **തിരുവനന്തപുരം,**<br>**വ്യാഴം**<br>Thiruvananthapuram,<br>Thursday | **2022 ജൂൺ 09**<br>09th June 2022<br>**1197 ഇടവം 26**<br>26th Idavam 1197<br>**1944 ജ്യേഷ്ഠം 19**<br>19th Jyaishta 1944 | **നമ്പർ**<br>No. | **1908** |

**കേരള സർക്കാർ**

**ആഭ്യന്തര(ബി)വകുപ്പ്**

**വിജ്ഞാപനം**

സ.ഉ(അച്ചടി)നം.45/2022/ആഭ്യന്തരം തിരുവനന്തപുരം, 2022 ജൂൺ 1

1197 ഇടവം 18

1944 ജ്യേഷ്ഠം 11

**എസ്. ആർ. ഒ. നമ്പർ 573/2022**

2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിന്റെ (2010 ലെ 9-ാം ആക്ട്) 99-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2014 മേയ് 6-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം. 89/2014/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചതും 2014 മേയ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

23-ാം തീയതിയിലെ 1316-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം.310/2014 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്: -

**ചട്ടങ്ങൾ**

1. **ചുരുക്കപ്പേരും പ്രാരംഭവും .**- (1) ഈ ചട്ടങ്ങൾക്ക് 2022 -ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2)ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. **ചട്ടങ്ങളുടെ ഭേദഗതി .**-2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 148-ാം ചട്ടത്തിൽ,-

(i)മാർജിനൽ ശീർഷകത്തിലും ആദ്യത്തെ വാചകത്തിലുമുള്ള "സ്ട്രൈപ്പുകളും പാരിതോഷികങ്ങളും "എന്ന വാക്കുകൾക്ക് പകരം "സ്ട്രൈപ്പുകൾ" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ii) നിലവിലുള്ള (ഡി), (ഇ) ഖണ്ഡങ്ങൾക്ക് പകരമായി താഴെപ്പറയുന്ന ഖണ്ഡങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത് :-

“ (ഡി) ഗുഡ് കോണ്ടക്റ്റ് തടസ്സപ്പെടുന്നത് രണ്ട് തരത്തിലാണ്. ഒന്നാമതായി, ഒരു വർഷത്തിൽ ഒന്നിൽ കൂടുതൽ പ്രാവശ്യം പിഴ ശിക്ഷ ലഭിക്കുന്നതും രണ്ട് ബ്ലാക്ക് മാർക്ക് ലഭിക്കുന്നതും ; രണ്ടാമതായി, വാർഷിക വേതന വർദ്ധനവ് തടയലോ സ്ഥാനക്കയറ്റം തടയലോ വേതനത്തിൽ നിന്നുള്ള റിക്കവറിയോ, തരം താഴ്ത്തലോ ആദ്യ വിഭാഗത്തിൽപ്പെടുന്ന ഓരോ ഗുഡ് കോണ്ടക്റ്റ് തടസ്സത്തിനും അവസാനം നേടിയ ഒരു സ്ട്രൈപ്പും രണ്ടാം വിഭാഗത്തിൽപ്പെടുന്ന ഓരോ ഗുഡ് കോണ്ടക്റ്റ് തടസ്സപ്പെടലിനും അവസാനം നേടിയ രണ്ട് സ്ട്രൈപ്പുകളും നഷ്ടപ്പെടുന്നതാണ്. എന്നാൽ മൂന്നു സ്ട്രൈപ്പുകളിൽ കുറവു നേടിയിട്ടുള്ള ഒരു ജീവനക്കാരന്റെ എല്ലാ സ്ട്രൈപ്പുകളും നഷ്ടപ്പെടുന്നതാണ്. ഇപ്രകാരം ഗുഡ് കോണ്ടക്റ്റ് സ്ട്രൈപ്പുകൾ നഷ്ടപ്പെടുന്ന ഒരു ഉദ്യോഗസ്ഥന് (എ) മുതൽ (സി) വരെയുള്ള വകുപ്പുകളിൽ പറയുന്ന ഗുഡ് കോണ്ടക്റ്റ് സ്ട്രൈപ്പുകൾ ഭാവിയിൽ നൽകുന്നതിൽ നിന്നും വിലക്കുന്നില്ല.

(ഇ) ഗുഡ് കോണ്ടക്റ്റ് സ്ട്രൈപ്പുകൾ അനുവദിക്കുന്നതും പിൻവലിക്കുന്നതും ഉദ്യോഗസ്ഥന്റെ സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്." ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) നിലവിലുള്ള (എഫ്), (ജി), (എച്ച്) ഖണ്ഡങ്ങൾ വിട്ടുകളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി.കെ. ജോസ്**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാകുന്നു.)

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർക്കും ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാർക്കും തുടർച്ചയായ സത് പെരുമാറ്റത്തിന് ഓരോ രണ്ട് വർഷം കൂടുമ്പോഴും ഒരു ഗുഡ് കോണ്ടക്റ്റ് സ്ട്രൈപ്പ് വീതം അനുവദിക്കുന്നതിന് പ്രസ്തുത ചട്ടത്തിലെ 148-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്ന് ഗുഡ് കോണ്ടക്ട് സ്ട്രൈപ്പുകൾ നേടിയിട്ടുള്ള അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർക്കോ ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാർക്കോ ഒരു ഗുഡ് കോണ്ടക്റ്റ് അലവൻസ് അനുവദിക്കുന്നതിനും ഇപ്രകാരം അനുവദിക്കുന്ന ആനുകൂല്യം ഒരു വാർഷിക വേതന വർദ്ധനവിന്റെ തുകയ്ക്ക് തുല്യമായിരിക്കുമെന്നും ആയത് പ്രതിമാസം നല്കേണ്ടതുമാണെന്നും പ്രസ്തുത ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ടുള്ള കേരള സർവ്വീസ് ചട്ടങ്ങളിലേതിനു വിരുദ്ധമായ വ്യവസ്ഥയാണ് 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ നിലവിലുള്ളത്. ആയതിനാൽ പ്രസ്തുത ഗുഡ് കോണ്ടക്റ്റ് അലവൻസ് നിർത്തലാക്കുന്നതിനായി 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.06.09 06:21:57 +05:30